(ബി) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (CIAL) സബ്സിഡിയറി കമ്പനിയായ സിയാൽ ഇൻഫ്രാസ്ട്രക്ചർ കമ്പനിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.

(സി) പദ്ധതിക്കാവശ്യമായ ഭൂമിയുടെ 80 ശതമാനത്തോളം സിയാൽ കമ്പനി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി സ്ഥലം ഏറ്റെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) 4.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതിയിൽ നിന്ന് വർഷത്തിൽ 14.7 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മിഷൻ നിശ്ചയിക്കുന്ന യൂണിറ്റ് റേറ്റിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതാണ്. പദ്ധതി 30 വർഷത്തേക്ക് BOOT അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത്. 30 വർഷത്തിനുശേഷം സർക്കാരിലേക്ക് പദ്ധതി തിരിച്ചു നൽകേണ്ടതാണ്.

വൈദ്യുതി ചാർജ്ജ്

26 (3179) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഈ സാമ്പത്തിക വർഷത്തിൽ നാളിയുവരെ താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

വൈദ്യുതി ബോർഡിലെ നിയമനം

27 (3180) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ ഒഴിവുകളിലേയ്ക്ക് ഏത് രീതിയിൽ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly